**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1279** **04-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോക്കോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ വരുത്തുന്നതിനായി ടൂറിസം വകുപ്പ് "ക്ലീൻ ഡെസ്റ്റിനേഷൻ " എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇതിനു പുറമെ തെരെഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ചും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Material Collection Facility) ൽ എത്തിച്ച നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇറ്റു പ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും, നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനം വഴി ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പാക്കി വരുന്നുണ്ട്.<br><br>ടൂറിസം മേഖല മാലിന്യ വിമുക്തമാക്കുന്നതിനും ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻസർട്ടിഫിക്കേഷനിലേക്ക് കൊണ്ട് വരുന്നതിനുമായുള്ള പ്രവർത്തനങ്ങൾ പടി പടിയായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി അക്കോമ്മൊഡേഷൻ യൂണിറ്റുകളിലെ 19 മുതൽ 21 വരെ ഇനം സിംഗിൾ യൂസ് പ്ലാസ്റ്റിക് ഒഴിവാക്കികൊണ്ടുള്ള പ്ലാസ്റ്റിക് ഫ്രീ ഡിക്ലറേഷൻ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രാധാന്യം |

| | | | |
|---|---|---|---|
| | | | നൽകികൊണ്ടുള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ആരംഭിച്ചു കഴിഞ്ഞു. യു .എൻ .ഡി.പി, ഹരിത കേരള മിഷൻ എന്നിവരുമായി ചേർന്ന് മൂന്നാർ കേന്ദ്രീകരിച്ചുള്ള മൗണ്ടൻ ടൂറിസം കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ട്, ഉടൻ തന്നെ അത് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഓരോ തരം ടൂറിസം കേന്ദ്രങ്ങൾക്കുമായുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള നടപടികളും ഉത്തരവാദിത്ത ടൂറിസം മിഷൻ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ